രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി


# ഉള്ളടക്കം


1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 6

# സഭ: പുരോഹിതജനം





- പഴയനിയമത്തിൽ ,ദൈവത്തിന് ആരാധനയർപ്പിക്കാൻ മാറ്റിവയ്ക്കപ്പെട്ടവനായിരുന്നു പുരോഹിതൻ.
- ദൈവീകശുശ്രൂഷയ്ക്കായി പ്രത്യേകം നിയോഗിക്കപ്പെട്ടവനാകയാൽ അവൻ പരിശുദ്ധനാകേിയിരുന്നു.
- ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ ബലികളും കാഴ്ചകളും ധൂപങ്ങളും സമർപ്പിക്കുകയായിരുന്നു അവന്റെ മുഖ്യദൗത്യം.
- പുരോഹിതൻ ജനത്തിനു വേണ്ടി പ്രാർത്ഥിച്ച് അവർക്കായി മാധ്യസ്ഥ്യം തേടിയിരുന്നു.
- ദൈവത്തിന്റെ പരിശുദ്ധിക്കു ജനത്തിന്റെ മുൻപിൽ സാക്ഷ്യം വഹിക്കാനുള്ളവനായിരുന്നു പുരോഹിതൻ.
- കർത്താവു കൽപിച്ചിട്ടുള്ളതെല്ലാം അനുഷ്ഠിക്കാൻ ജനത്തെ പഠിപ്പിക്കുക എന്നതും പുരോഹിതദൗത്യമായിരുന്നു.

1. ഇസ്രായേൽ പുരോഹിതജനം
2. പഴയനിയമ പൗരോഹിത്യവും ഈശോയുടെ പൗരോഹിത്യവും
3. മിശിഹായുടെ പൗരോഹിത്യം
4. നമ്മൾ പുരോഹിതജനം
5. വിശുദ്ധ കുർബന ഏറ്റവും ശ്രേഷ്ഠമായ ആരാധന
6. ശുശ്രൂഷാപൗരോഹിത്യം

# ഇസ്രായേൽ പുരോഹിതജനം

- ദൈവത്തെ ആരാധിക്കുവാനും അവിടുത്തേയ്ക്ക് പുരോഹിത ശുശ്രൂഷ ചെയ്യുവാനും വേണ്ടിയാണ് ഇസ്രായേലിനെ ദൈവം വിളിച്ചതും അടിമത്തത്തിൽനിന്നും മോചിപ്പിച്ചതും.
- നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും വിശുദ്ധജനവുമായിരിക്കും.



## പഴയനിയമ പൗരോഹിത്യവും ഈശോയുടെ പൗരോഹിത്യവും

- യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന സമയം വരുന്നു.
- കാൽവരിയിൽ സ്വയം ബലിയായി അർപ്പിച്ചുകൊണ്ട് അവിടുന്ന് യഥാർത്ഥ ആരാധന നിർവഹിച്ചു. അങ്ങനെ നിത്യപുരോഹിതനായി.
- ഈശോ നിത്യരക്ഷ സാധിച്ചത് കോലാടുകളുടെയോ കാളക്കിടാങ്ങളുടെയോ രക്തത്തിലുടെയല്ല, സ്വന്തം രക്തത്തിലൂടെയാണ്.

# മിശിഹായുടെ പൗരോഹിത്യം

- ദൈവപുത്രനായ അവിടുന്ന് തന്റെ കുരിശിലെ ബലിയിലൂടെ നിത്യപുരോഹിതനായിത്തീർന്നു. സ്വന്തം രക്തത്താൽ അവിടുന്ന് അർപ്പിച്ച നിത്യമായ ബലിയിലാണ് പുതിയ ദൈവജനമായ സഭ പങ്കുചേരുന്നത്. ഈ പങ്കുചേരൽ വഴി സഭ പുരോഹിതഗണവും ആരാധനാസമൂഹവുമായി മാറുന്നു.സഭാമക്കൾ ദൈവത്തിന് സ്വീകാര്യവും പരിശുദ്ധരും രക്ഷിക്കപ്പെട്ടവരുമായിത്തീരുന്നു.

## നമ്മൾ പുരോഹിതജനം

- നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്.



# വിശുദ്ധ കുർബന ഏറ്റവും ശ്രേഷ്ഠമായ ആരാധന

- പുരോഹിതജനമായ സഭയുടെ പരമോന്നതമായ ആരാധന പരിശുദ്ധ കുർബാനയാണ്.
- ശിരസ്സായ മിശിഹാ തന്റെ ശരീരമായ സഭയോടുചേർന്ന് നിത്യപിതാവിനർപ്പിക്കുന്ന പരമോന്നതമായ ആരാധന യാണ് വിശുദ്ധ കുർബന.
- അതേസമയം, മിശിഹായോട് ചേർന്ന അവിടുത്തെ ശരീരമായ സഭ അർപ്പിക്കുന്ന ആരാധനയുമാണത്.

# ശുശ്രൂഷാപൗരോഹിത്യം

- ജനത്തിനുവേണ്ടി ശുശ്രൂഷചെയ്യുവാനും വിശുദ്ധീകരണ ത്തിന്റെ ബലിയർപ്പിക്കുവാനും ദൈവം ചിലരെ പ്രത്യേകമായി തിരഞ്ഞെടുത്ത് അഭിഷേകം ചെയ്യുന്നു.ഇതാണ് ശുശ്രൂഷാപൗരോഹിത്യം.



ദൈവവചനം വായിക്കാം

ധ്യാനിക്കാം

(1 പത്രോ 2:9)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും**

**രാജകീയപുരോഹിതഗണവും വിശുദ്ധജനതയും**

**ദൈവത്തിന്റെ സ്വന്തം ജനവുമാണ്**

(1 പത്രോ 2:9)

# നമുക്കു പ്രാർത്ഥിക്കാം

**നിത്യപുരോഹിതനായ ഈശോയേ, ലോകാവസാനം വരെ തുടരുന്നതിനായി, സ്വയം ബലിയായി അർപ്പിച്ചുകൊ് അങ്ങ് സഭയ്ക്കു നല്കിയ വിശുദ്ധ കുർബാന ആത്മവിശുദ്ധിയോടെ അർപ്പിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ.**

# എന്റെ തീരുമാനം

**എന്റെ ജിവിതത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെ ഈശോയുടെ ബലിയോടു ചേർത്ത് ഞാൻ സമർപ്പിക്കും.**

Thank you